# ഒരു 'മഹാകവി'യുടെ ഷഷ്ടിപൂർത്തി

ടി. വേണുഗോപാലൻ

ഇടശ്ശേരി ആദ്യമായി (അവസാനമായും) എന്നോടു തട്ടിക്കയറി: "താൻ എന്തു പണിയാണെടോ ചെയ്തത്! താൻ ആരാ എന്നെ മഹാകവി ആക്കാൻ?"

സന്ദർഭം പൊന്നാനി ഇടശ്ശേരിയുടെ ഷഷ്ടിപൂർത്തിയാഘോഷം (1966 ഡിസംബർ 22, 23, 24 തീയതികളിൽ) അതു റിപ്പോർട്ട് ചെയ്യാൻ എനിക്ക് അവസരം കിട്ടി. പരിപാടിയിൽ പങ്കെടുക്കാൻ ഞാൻ പത്രാധിപർ വി.എം. നായരെ നേരിൽക്കണ്ട് മൂന്നു ദിവസത്തെ ലീവിന് അപേക്ഷിച്ചു. അപ്പോൾ അദ്ദേഹം "തനിക്ക് ഏതായാലും അവിടെ പോകണമല്ലോ. എന്നാൽ ഒരു കാര്യം ചെയ്യൂ. ലീവൊന്നും വേണ്ട. മൂന്നു ദിവസത്തെ പരിപാടികൾ റിപ്പോർട്ട് ചെയ്തോളൂ."

എന്റെ ആദ്യദിവസത്തെ റിപ്പോർട്ടിൽ പ്രകോപനപരമായി ഒന്നും ഉണ്ടായിരുന്നില്ല. എന്നാൽ, രണ്ടാം ദിവസത്തെ റിപ്പോർട്ട് കണ്ടപ്പോൾ ഇടശ്ശേരിക്കു ശുണ്ഠിവന്നു. ആ റിപ്പോർട്ടിന്റെ തുടക്കം.

"മഹാകവി ഇടശ്ശേരിയുടെ ഷഷ്ടിപൂർത്തിയാഘോഷങ്ങളുടെ രണ്ടാം ദിവസമായ ഇന്നു നടന്ന പരിപാടികളിൽ 'ഇതാ ഒരു കവി' എന്ന മനോഹരമായ ഒരു ഉപഹാരഗ്രന്ഥം അദ്ദേഹത്തിനു വി.ടി. സമർപ്പിക്കുകയുണ്ടായി."

മൂന്നാം ദിവസത്തെ റിപ്പോർട്ടിലും കുഴപ്പമുണ്ടായിരുന്നു. അതിന്റെ തുടക്കം ഇങ്ങനെയാണ്.

"കവിത സാഹചര്യങ്ങളുടെ സമ്മർദ്ദംകൊണ്ടുണ്ടാകുന്നതല്ലെന്നും കവി വിഷാദാത്മകനാവാൻ പാടില്ലെന്നുമുള്ള സിദ്ധാന്തങ്ങൾ തെളിഞ്ഞു കാണുന്നത് ഇടശ്ശേരിക്കവിതയിലാണെന്നും ശ്രീമതി നാലപ്പാട്ട് ബാലാമണിയമ്മ മഹാകവി ഇടശ്ശേരിയുടെ ഷഷ്ടിപൂർത്തിയാഘോഷങ്ങളുടെ സമാപനസമ്മേളനത്തിൽ പ്രസ്താവിച്ചു."

ഈ മഹാകവിപ്പട്ടമാണ് ഇടശ്ശേരിയെ ചൊടിപ്പിച്ചത്. "താനാരാ എന്നെ മഹാകവി ആക്കാൻ?" ശരിയാണ് ഞാനാരാണ്? പക്ഷേ, അങ്ങനെ ചെയ്തതു വി.എം. നായർ തന്നെയായിരുന്നു. റിപ്പോർട്ടുകളിൽ അങ്ങനെ ചേർക്കാൻ നിർദേശം കൊടുത്തത് അദ്ദേഹമാണ്. ഞാൻ എന്റെ നിരപരാധിത്വം പറഞ്ഞപ്പോൾ ഇടശ്ശേരി വി.എം. നായർക്കു പ്രതിഷേധക്കത്ത് അയയ്ക്കുകയും ചെയ്തു.



പല കവികളും സ്വയം മഹാകവിപ്പട്ടം ചാർത്തി നടക്കുന്ന കാലം. സ്വയം അങ്ങനെ ചെയ്യാത്തവരും മഹാകവി എന്നു വിളിച്ചാൽ സന്തോഷിക്കുന്ന കാലം. ഇവിടെ ഇതാ ഒരു കവി, ശരിക്കും മഹാകവി എന്നു പറയാവുന്ന ഒരാൾ, തല്ലാൻ വരുന്നു! സമാപനസമ്മേളനത്തിലെ നന്ദിഗ്രാമത്തിൽ ഇടശ്ശേരി പറയുകയും ചെയ്തു: "കേരളത്തിലെ പ്രമുഖങ്ങളായ ചില പത്രങ്ങൾ ദയാപൂർവമായിരിക്കാം എന്റെമേൽ മഹാകവിപ്പട്ടം ചാർത്തിയതായി കണ്ടു. ഇത്തരം പട്ടം ചാർത്തലുകൾ മുൻപും ഉണ്ടായിട്ടുണ്ട്. ആ ബഹുമതിക്ക് അർഹനാണെന്ന് എനിക്ക് വിശ്വാസമില്ല. എനിക്കു ബുദ്ധിമുട്ടുണ്ട്. ദയവായി ഈ പട്ടംചാർത്തൽ എന്റെമേൽ അരുതേ!"


"ആഘോഷങ്ങളുടെ തുടക്കം തന്നെ ഇടശ്ശേരിക്കു പിടിക്കുന്നതരത്തിലായിരുന്നില്ല ആർഭാടം ഒന്നും പാടില്ലെന്നായിരുന്നു അദ്ദേഹത്തിന്റെ നിർബന്ധം. കാര്യം നടത്തിപ്പിൻ നേതൃത്വം വഹിച്ചിരുന്ന ഉറൂബും എന്റെ അമ്മാവൻ ഗോപാലക്കുറുപ്പും തർക്കിച്ചില്ല എന്നാലും..." "ആരും ഞങ്ങളെ (തന്നെയും ഭാര്യയെയും) കൊണ്ടുപോകാൻ വരികയൊന്നും വേണ്ട. ഞങ്ങൾ സമയത്ത് അവിടെ എത്തിക്കൊള്ളാം" എന്ന് ഇടശ്ശേരി. അപ്പോൾ ഗോപാലക്കുറുപ്പ്: "എന്താ അങ്ങനെ വലിഞ്ഞുകേറാൻ നിങ്ങൾ കൃഷ്ണപ്പണിക്കർ വായനശാലയിലെ ചർച്ചായോഗത്തിൽ കയറി പ്രസംഗിക്കാൻ വരുകയാണോ! അതോ രണ്ടാളുംകൂടി വല്ലവരുടെയും കല്യാണസൽകാരത്തിൽ പങ്കെടുക്കാൻ എത്തുകയോ! സമയമായാൽ ഞങ്ങൾ രണ്ടുമൂന്നുപേർ വരും. അപ്പോൾ ഇറങ്ങിയാൽ മതി."

ഇടശ്ശേരി സമ്മതിച്ചു. സമയമായപ്പോൾ ഉറൂബും ഗോപാലക്കുറുപ്പും ചെന്നു. റിപ്പോർട്ടർ എന്ന നിലയ്ക്ക് എന്നെയും കൂട്ടി. തങ്ങൾ ഒരുക്കിയ ഗൂഢപദ്ധതി ഒരു പത്രറിപ്പോർട്ടർ

എന്ന നിലയ്ക്കു ഞാനും കണ്ടു രസിക്കട്ടെ എന്ന് അവർ കരുതിയിരിക്കണം. ഏതായാലും ആദ്യന്തം ഘോഷയാത്രയുടെ കൂടെ നടന്നു കാര്യങ്ങൾ കാണാൻ കഴിഞ്ഞതുകൊണ്ട് എന്റെ റിപ്പോർട്ടിന്റെ രൂപഭാവങ്ങൾതന്നെ മാറി.

ഇടശ്ശേരിയും ഭാര്യയും ശങ്കയില്ലാതെ ഞങ്ങളുടെ കൂടെ ഇറങ്ങി. അവർ പടികടന്നപ്പോഴാണ് ഭൂകമ്പമുണ്ടായത്! പടിക്കൽ പുരയിടത്തിന്റെ അതിർത്തി മുഴുവൻ പടർന്നിരുന്ന പൊന്തക്കാടുകൾക്കു മറവിൽ അപ്പുക്കുട്ടി പൊതുവാൾ, പീതാംബരൻ തുടങ്ങിയ വഖ്യാതകലാകാരന്മാരടങ്ങിയ ഒരു പഞ്ചവാദ്യസംഘത്തെ ഒളിപ്പിച്ചുനിർത്തിയിരുന്നു; കൂടെ അഞ്ചുപത്തു ശ്രമക്കാരെയും. ഇടശ്ശേരിയും ഭാര്യയും പുറത്തുകടന്നപ്പോൾ പെട്ടെന്നു പഞ്ചവാദ്യം മുഴങ്ങി. ഉറൂബും ഗോപാലക്കുറുപ്പും വഞ്ചകന്മാർ തന്നെ. എങ്കിലും ശുദ്ധനായ ഇടശ്ശേരി ഇത്രയ്ക്കും നിരീച്ചില്ല! അങ്ങനെ പട്ടാപ്പകൽ കൊട്ടും വാദ്യവുമായി ഒരു ചെറിയ സംഘത്തിന്റെ അകമ്പടിയോടെ ഇടശ്ശേരിയുടെ ഭാര്യയും സ്വീകരണത്തിനു പുറപ്പെട്ടു. ഭാര്യ കൂടെയുള്ളതുകൊണ്ടാവാം, ഇടശ്ശേരി പിണങ്ങി വീട്ടിലേക്കു തിരിച്ചുകയറിയില്ല. ഉറൂബിനെയും ഗോപാലക്കുറുപ്പിനെയും മൂന്നാം കണ്ണു തുറന്നൊന്നു ദഹിപ്പിക്കാൻ നോക്കി. പക്ഷേ, സാക്ഷാൽ ശ്രീ പരമേശ്വരന്റെ നോട്ടംകൊണ്ടും ഉരുകുന്ന ലോഹക്കൂട്ടായിരുന്നില്ല അവരുടേത്.

ഇടശ്ശേരിയെ ഒരു സാധാരണക്കാരനായി മാത്രം കണ്ടു പരിചയിക്കുകയും ഇടപഴകുകയും എന്തോ ചിലതൊക്കെ എഴുതാറുണ്ടെന്നു മാത്രം ധരിക്കുകയും ചെയ്ത പൊന്നാനിയിലെ സാമാന്യജനത്തിന് ഇടശ്ശേരിയുടെ അസാധാരണത്വം ബോധ്യപ്പെടുത്തിക്കൊടുക്കുന്നതായിരുന്നു പരിപാടി. മുന്നോട്ടുപോകുന്തോറും ജാഥയ്ക്കു പുഷ്ടി കൂടി വന്നു. തങ്ങൾ കാണുന്ന ഈ സാധാരണക്കാരന് ഇത്രയും യോഗ്യതയോ! വയലിലൂടെയും ഇടവഴിയിലൂടെയും റോഡിലൂടെയും ഉള്ള ആനയിപ്പുകാണാൻ മാളികവീടുകളിൽനിന്നും ചെറ്റപ്പുരകളിൽനിന്നും ആളുകൾ ഓടിക്കൂടി. ഇതിനിടയ്ക്ക് കോൺഗ്രസ് നേതാവ് സി. ചോയുണ്ണിയും പി.ടി. ഭാസ്കരപ്പണിക്കരും ഘോഷയാത്രയുടെ നേതൃത്വം ഏറ്റെടുത്തിരുന്നു. ജാഥ തൃക്കാവിലേക്കു കടന്നപ്പോൾ



ഇടശ്ശേരി ഗോവിന്ദൻ നായർ

സംഗതി വലിയ സെൻസേഷൻതന്നെയായി. പൊന്നാനിയിലെ 'പോഷ് ഏരിയ' ആണ് തൃക്കാവ്. വക്കീൽമാരും ഉദ്യോഗസ്ഥന്മാരും ചില സമ്പന്നകുടുംബങ്ങളുമാണ് മുഖ്യമായും അവിടെ താമസം. ഇങ്ങനെയൊരു ആനയിപ്പ്! കൊട്ടും വാദ്യവും ഒച്ചയും വിളിയും കേട്ടപ്പോൾ വീടുകളിലുള്ളവരെല്ലാം പുറത്തേക്ക് ഓടിവന്നു. ആദരപൂർവം ആനയിക്കപ്പെടുന്നത് ഇടശ്ശേരിയും ഭാര്യയുമാണ്. കുറേപ്പേർ ജാഥയിൽ ചേർന്നു. അങ്ങനെ അതു ടി.ബിയുടെ അടുത്തെത്തിയപ്പോൾ ഒരു കൂറ്റൻ ഏർപ്പാടായിക്കഴിഞ്ഞിരുന്നു. ടി.ബിയിൽ സമ്മേളനാധ്യക്ഷനായ കേളപ്പൻ, ഉദ്ഘാടകനായ ജി. ശങ്കരക്കുറുപ്പ്, സ്വാഗതസംഘാധ്യക്ഷനായ വി.ടി. ഭട്ടതിരിപ്പാട് എന്നിവർ വിശ്രമിക്കുന്നുണ്ടായിരുന്നു. അവിടന്നുമുതൽ അവരുടെ നേതൃത്വത്തിലായി ഘോഷയാത്ര. നിരത്തു കവിഞ്ഞൊഴുകിയ ആ ഘോഷയാത്രയെ സ്വീകരിക്കാൻ പൊന്നാനി എ.വി. ഹൈസ്കൂൾ ഒരുങ്ങിനിൽക്കുകയായിരുന്നു. അക്കിത്തം, കടവനാട് കുട്ടികൃഷ്ണൻ, സ്വാഗതസംഘം സെക്രട്ടറി കൊളാടി ഗോവിന്ദൻകുട്ടി, ടി.കെ. ത്രേസ്യ തുടങ്ങിയവർ അതിനു നേതൃത്വം വഹിച്ചുനിന്നു. പുഞ്ചിരിയോടുകൂടി നിൽക്കുന്ന ഇടശ്ശേരിയുടെ പൂർണകായചിത്രം കവാടത്തിലുണ്ടായിരുന്നു. ഇടശ്ശേരിയും ഭാര്യയും പ്രമുഖാതിഥികളും താലപ്പൊലിയോടെ സ്വീകരിക്കപ്പെട്ടു. പൊന്നാനിയിൽ മുൻപ് അത്ര വലിയ ഒരു സാഹിത്യോത്സവം നടന്നിട്ടില്ല. കേളപ്പന്റെയും ജിയുടെയും വി.ടിയുടെയും സാന്നിധ്യം. പ്രാസംഗികന്മാരായി പി.ടി. ഭാസ്കരപ്പണിക്കരും ഡോ. ടി.കെ. രവീന്ദ്രനും പനമ്പിള്ളി പുത്തേഴൻമാരാർ, കൈനിക്കര കുമാരപിള്ള. ഇ.എം.എസ്., എ.കെ.ജി. എന്നിവരുടെ സന്ദേശങ്ങൾ. ആദ്യദിവസം തന്നെ ജി. ഇടശ്ശേരിയുടെ 'തെരഞ്ഞെടുത്ത കവിതകൾ' പ്രകാശനം ചെയ്തു. രണ്ടാംദിവസം വി.ടി. 'ഇതാ ഒരു കവി' എന്ന ഉപഹാരഗ്രന്ഥവും. രണ്ടാംദിവസം ഉറൂബ് അധ്യക്ഷനും എൻ.പി. മുഹമ്മദ് ഉദ്ഘാടകനുമായി കഥാസമ്മേളനവും പി. കുഞ്ഞിരാമൻനായർ അധ്യക്ഷനും ഒളപ്പമണ്ണ ഉദ്ഘാടകനുമായി കവിസമ്മേളനവും നടന്നു. കഥാസമ്മേളനത്തിൽ എം.ജി.എസ്. നാരായണൻ, പുതൂർ ഉണ്ണിക്കൃഷ്ണൻ, ഇ. വാസു എന്നിവർ പ്രസംഗിച്ചു. കവിസമ്മേളനത്തിൽ കുഞ്ഞിരാമൻനായർ, ഒളപ്പമണ്ണ, അക്കിത്തം, കെ.കെ. രാജാ, കടവനാട് കുട്ടിക്കൃഷ്ണൻ, കാവാലം നാരായണപ്പണിക്കർ, യൂസഫലി കേച്ചേരി, വി.എ. കേശവൻ നമ്പൂതിരി, സി. കൃഷ്ണൻനായർ തുടങ്ങി നാൽപ്പത്താറു പേർ കവിത വായിച്ചു. രണ്ടാം ദിവസത്തെ മറ്റൊരു പരിപാടി വിദ്യാർത്ഥികൾക്കു വേണ്ടി എ.പി.പി. നമ്പൂതിരി നടത്തിയ ക്വിസ് പരിപാടിയായിരുന്നു.

മൂന്നാം ദിവസം ബാലാമണിയമ്മ ഉദ്ഘാടനം ചെയ്ത സമാപന സമ്മേളത്തിൽ പൊന്നാനിയിലെ വിവിധ സംഘടനകൾ ഇടശ്ശേരിക്കു ഹാരാർപ്പണം നടത്തുകയും മംഗളപത്രം സമർപ്പിക്കുകയും ചെയ്തു. പ്രാസംഗികന്മാരായി വക്കീൽ രാമൻമേനോൻ, ഇ.പി. സുമിത്രൻ, വർഗീസ് കളത്തിൽ, എൻ. ദാമോദരൻ, എം.ടി. വാസുദേവൻനായർ എന്നിവരുണ്ടായിരുന്നു.

ആദ്യ ദിവസത്തെ കലാപരിപാടികളിൽ പുതുമയുള്ള ഒരു ഇനം ഇടശ്ശേരിയുടെ പ്രസിദ്ധ കവിതയായ

'പൂതപ്പാട്ടി'ന്റെ നിഴൽനാടകാവിഷ്കാരമായിരുന്നു. അക്കിത്തമായിരുന്നു സംവിധായകൻ. അദ്ദേഹം അങ്ങനെ ഒരു 'ഷാഡോ ഗോപിനാഥ്' ആയി ഒരു പത്തുകൊല്ലം മുൻപു തന്നെ പൊന്നാനിക്കാരുടെ മുൻപിൽ പ്രത്യക്ഷപ്പെട്ടിരുന്നു. അന്ന് അവതരിപ്പിച്ചത് 'പുത്തൻകലവും അരിവാളും' ആണ്. മുണ്ടും ബനിയനുമുടുത്ത് കഴുത്തിൽ ഒരു വിസിലും തൂക്കി അദ്ദേഹം ഇരിക്കപ്പൊറുതിയില്ലാതെ പരക്കം പാഞ്ഞിരുന്നത് എനിക്കോർമയുണ്ട്.

ഷഷ്ടിപൂർത്തിയാഘോഷത്തിനു മാസങ്ങൾ മുൻപ് കോഴിക്കോട് ഉറൂബിന്റെ ഉത്സാഹത്തിലും നേതൃത്വത്തിലും മറ്റൊരു പ്രധാന പ്രവർത്തനം നടക്കുന്നുണ്ടായിരുന്നു. ആഘോഷസമയത്ത് ഇറക്കാൻ ഇടശ്ശേരിയുടെ തെരഞ്ഞെടുത്ത കവിതകളുടെ ഒരു സമാഹാരവും ഒരു ഉപഹാരഗ്രന്ഥവും തയാറാക്കാനുള്ള ശ്രമമായിരുന്നു അത്. ഉറൂബ് അതിന് അക്കിത്തം, എൻ.പി. മുഹമ്മദ്, കടവനാട് കുട്ടിക്കൃഷ്ണൻ, എം.ജി.എസ്. നാരായണൻ എന്നിവരടങ്ങിയ ഒരു കമ്മിറ്റിയെ വിളിച്ചുണ്ടാക്കി. എന്നെയും കമ്മിറ്റിയിൽ എടുത്തിരുന്നു. പല ദിവസങ്ങളിലായി ഹോട്ടൽമുറികളിലിരുന്നു ഞങ്ങൾ ആ ജോലി പൂർത്തിയാക്കി. ഇതിന് ഏറ്റവുമധികം പ്രവർത്തിച്ചതും അന്തിമതീരുമാനങ്ങൾ എടുത്തിരുന്നതും ഉറൂബ് തന്നെയാണ്. പക്ഷേ, കവിതകൾ തെരഞ്ഞെടുത്തവരിൽ അദ്ദേഹം തന്റെ പേർ ഉൾപ്പെടുത്തിയില്ല. ഗ്രന്ഥം വന്നപ്പോഴാണ് ഞങ്ങൾ അക്കാര്യം കാണുന്നത്. തന്റെ സ്വാധീനം ഉപയോഗിച്ചു കറന്റ് ബുക്സിനെക്കൊണ്ട് അത് അച്ചടിപ്പിച്ചു തയാറാക്കിയത് അദ്ദേഹമാണ്; അതേപോലെ തന്നെ 'ഇതാ ഒരു കവി' എന്ന ഉപഹാരഗ്രന്ഥവും വലുതല്ലെങ്കിലും 'കവി പല കാഴ്ചപ്പാടുകളിലൂടെ', 'കൃതികളെപ്പറ്റി', 'ഇടശ്ശേരി എന്ന മനുഷ്യൻ' എന്നീ മൂന്നു ഭാഗമായി സംവിധാനം ചെയ്ത ആ ഗ്രന്ഥം ഇടശ്ശേരിയെക്കുറിച്ചുള്ള ഒരു സമഗ്രപഠനം എന്ന നിലയ്ക്കു വിലപ്പെട്ടതുതന്നെയാണ്. അന്നത്തെ പ്രമുഖരായ പല എഴുത്തുകാരും അതിൽ പങ്കെടുത്തിരുന്നു.

എം.ജി.എസ്. നാരായണന്റെ അവതാരികകൊണ്ടും കെ.പി. ശങ്കരന്റെ വിശദമായ കുറിപ്പുകൾകൊണ്ടും ശ്രദ്ധേയമായ 'തെരഞ്ഞെടുത്ത കവിതകൾ'ക്ക് ഒഴിവാക്കാനാവാത്ത ഒരു പരിമിതി ഉണ്ടായിരുന്നു. ഇശ്ശേരി അറുപതു വയസ്സുവരെ എഴുതിയ കവിതകളേ അതും തെരഞ്ഞെടുത്തവ – അതിൽ ഉണ്ടായിരുന്നുള്ളു. പിന്നീട് ഒരു എട്ടുകൊല്ലം ഇടശ്ശേരി എണ്ണം പറഞ്ഞ ഒരുപാട് കവിതകൾ; സാമാഹാരങ്ങൾ ഇറക്കി. പ്രൊഫ. കെ. ഗോപാലകൃഷ്ണനാണ് 'തെരഞ്ഞെടുത്ത കവിതകളു'ടെ കോട്ടം തീർത്തത്. അദ്ദേഹം ഇടശ്ശേരി മരിച്ച ശേഷം ഇറക്കിയ സമാഹാരത്തിൽ എല്ലാ കവിതകളും ഉണ്ട്. എന്നല്ല, ഓരോ കവിതയുടെയും പ്രസിദ്ധീകരണ തീയതി, എഴുതിയതിന്റെ പശ്ചാത്തലം, ചില കവിതകൾക്ക് ആദ്യം പ്രസിദ്ധീകരിച്ചതിൽനിന്നു പുസ്തകരൂപത്തിൽ വന്നപ്പോൾ ഉണ്ടായ മാറ്റങ്ങൾ, സമാഹാരത്തിൽ വരാത്ത കവിതകൾ, അപൂർണകവിതകൾ മുതലായ ഒരുപാട് വിവരങ്ങൾ അത്യദ്ധ്വാനിയായ ഗോപാലകൃഷ്ണൻ ഗവേഷണപടുത്വത്തോടെകൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. തെരഞ്ഞെടുത്ത കവിതകൾ'ക്കു കെ. പി. ശങ്കരൻ എഴുതിയ കുറിപ്പുകളും ചേർത്തിരിക്കുന്നു. വള്ളത്തോൾ വിദ്യാപീഠം പ്രസിദ്ധീകരിച്ച ആ സമാഹാരം ഇടശ്ശേരിയുടെ മകൻ ഇ. ഹരികുമാർ പുനഃപ്രസാധനം ചെയ്തിട്ടുണ്ട്. ഇടശ്ശേരിക്കവിതാപഠനത്തിനുള്ള മൂലാധാരം ആ സമാഹാരം തന്നെയാണ്.

പൊന്നാനി മുഴുവൻ ആ ആഘോഷത്തിനു പിന്നിലുണ്ടായിരുന്നു. സാഹിത്യവുമായി ഒരു ബന്ധവുമില്ലാത്ത അനേകംപേർ. ഇടശ്ശേരി എന്ന മഹാമനുഷ്യനുവേണ്ടി പ്രയത്നിച്ചവർ. തങ്ങളുടെ എല്ലാമായ ഇടശ്ശേരിയുടെ പേരിൽ എന്തോ വലിയ കാര്യം നടക്കുന്നു എന്നു മാത്രം മനസ്സിലാക്കി എല്ലാ പണിയും ഏറ്റെടുത്തവർ. പന്തൽപണി, പണപ്പിരിവ്, സദ്യ – അതൊക്കെ മുറപോലെ നടന്നു. ഇ. രാമൻ മാസ്റ്റർ, എൻ.പി. കുമാരൻ, മാധവൻ മാസ്റ്റർ എന്നിങ്ങനെ ഒരുപാടു ചെറുപ്പക്കാർ. അവരിൽ ചിലർ ഇടശ്ശേരിയുടെ നാടകങ്ങളിൽ അഭിനയിക്കാറുള്ളവർ. കുമാരൻ അന്ന് 'കൂട്ടുകൃഷി'യിൽ അഭിനയിച്ചു സമ്മാനം വാങ്ങി. രാമൻ മാസ്റ്റർ കവി ഇ. നാരായണന്റെ ഏറ്റവും ഇളയ അനുജനാണ്. കണ്ണും കാതുമുറച്ചതുമുതൽ ഇടശ്ശേരിയുടെ സന്തതസഹചാരി. കൃഷ്ണപ്പണിക്കർ വായനശാലയുടെയും ഇടശ്ശേരി സ്മാരകമന്ദിരത്തിന്റെയും ഒരു പ്രധാന പ്രവർത്തകൻ.

അക്കിത്തത്തെക്കുറിച്ച് ഒരിക്കൽ ഇടശ്ശേരി പറയുകയുണ്ടായി. "നമ്പൂതിരിക്കുട്ടി എന്റെ വീട്ടിന്റെ ഉമ്മറത്തുനിന്ന് ഇറങ്ങിപ്പോവില്ല. എഴുതിയ കവിതകൾ തിരുത്തിക്കിട്ടാനും അവ പ്രസിദ്ധീകരിച്ചു കാണാനുമുള്ള കമ്പം. ഇപ്പോൾ മടുത്തിട്ടുണ്ടാവും – കവിത ചോദിച്ചുകൊണ്ടുള്ള പത്രങ്ങളുടെ ശല്യം കാരണം." അങ്ങനെ ഇടശ്ശേരിയുടെ ഉമ്മറത്തിരുന്നു വലുതായി അതേ ശല്യം അനുഭവിച്ചിരുന്ന മറ്റൊരാളായിരുന്നു കടവനാട് കുട്ടിക്കൃഷ്ണൻ. ഇടശ്ശേരിയുടെ രണ്ടു കവിതയിലെ കഥാനായകൻ. ആൾ സരസനാണ്. ഏതോ ഒരു കവിസമ്മേളനത്തിൽ കവിത വായിക്കണം. തലേന്നുകൂടി ഒന്നും ശരിപ്പെട്ടിട്ടില്ല. പോക്കററിൽ എപ്പോഴും ഒന്നുരണ്ടു കവിത സ്റ്റോക്കുള്ള സി. കൃഷ്ണൻനായർ അന്നു കോഴിക്കോട്ടുണ്ട്. ഒരു യോഗസ്ഥലത്തു വച്ചു കടവനാടൻ: "കൃഷ്ണൻനായരേ, ഒരു കവിത കടം തരണം. അത്യാവശ്യമാണ്. ഞാൻ അധികം വൈകാതെ ഒന്നെഴുതി തിരിച്ചു തന്നുകൊള്ളാം. വേണു ജാമ്യം നിൽക്കും."

1956–ലോ മറ്റോ ആണ്. പൊന്നാനി കേന്ദ്ര കലാസമിതിയുടെ വാർഷികമാണെന്നാണ് ഓർമ. ഇടശ്ശേരിയുടെ ഉത്സാഹത്തിൽ നല്ലൊരു സാഹിത്യസമ്മേളനം നടക്കുന്നു. ഉദ്ഘാടനം ചെയ്യുന്നത് ജി. ശങ്കരക്കുറുപ്പാണ്. കവിസമ്മേളനത്തിൽ വൈലോപ്പിള്ളി അധ്യക്ഷൻ; ചർച്ചയിൽ എം.ആർ.ബിയും. ഈ മൂന്നു പേർക്കും വളരെ ആവേശത്തോടുകൂടിയ സ്വീകരണമാണ് പൊന്നാനിക്കാർ നൽകിയത്. കവിസമ്മേളനത്തിൽ കുറെപ്പേർ കവിത വായിച്ചു. എല്ലാം കേട്ടുകഴിഞ്ഞ് വൈലോപ്പിള്ളി പറഞ്ഞു: "എനിക്ക് ഏറ്റവും ഇഷ്ടപ്പെട്ടത് കടവനാട് കുട്ടികൃഷ്ണന്റെ കവിതയാണ്." "വെട്ടും കിളിയും ചെന്ന മണ്ണ്' എന്ന കവിതയാണ് കടവനാടൻ ചൊല്ലിയത്. നീണ്ട ആ കവിതയുടെ ഏതാനും ഭാഗമേ ചൊല്ലിയുള്ളൂ. "ഇപ്പോൾ ഇത്ര മതി" എന്നു പറഞ്ഞു ചിരിച്ച് അദ്ദേഹം ഇറങ്ങിപ്പോവുകയും ചെയ്തു.

കടവനാടൻ വളരെ മധുരമായി കവിത ആലപിക്കും. കുറച്ചൊക്കെ അക്കിത്തത്തിനും ആ സിദ്ധി ഉണ്ട്. എന്നാൽ ഇടശ്ശരിയുടെ കാര്യം അതല്ല. അദ്ദേഹം കവിത ചൊല്ലു

ന്നത് കേൾവിക്കാർക്ക് ഒരു ദയനീയാനുഭവമാണ്. ഏതാണ്ട് അതിനോടു കിടപിടിക്കാൻ കുട്ടികൃഷ്ണമാരാരുടെ പ്രസംഗമേ ഉള്ളു. ഇടശ്ശേരി കവിത വായിക്കുന്നതു ഞാൻ രണ്ടു തവണയേ കേട്ടിട്ടുള്ളു - ഒന്നു നേരിട്ടും മറ്റൊന്ന് ആകാശവാണിയിലും. നേരിട്ടു കേട്ടത് 1947-ൽ കോഴിക്കോട് സാഹിത്യപരിഷത് സമ്മേളനത്തിലാണ്. വളരെ സംഗീതാത്മകമായി കവിതകൾ ചൊല്ലി ടി. ഉബൈദും വി.വി.കെയും പ്രസംഗിച്ചുകഴിഞ്ഞശേഷമാണ് ഇടശ്ശേരി ചിത്രത്തൂണുകൾ വായിക്കുന്നത്. കഷ്ടം! എന്നാൽ, കരഞ്ഞുപോയി ആകാശവാണിയിൽ അദ്ദേഹം കവിത ചൊല്ലുന്നതു കേട്ടപ്പോൾ. തിരുവനന്തപുരം ആകാശവാണിയിൽ കവി സമ്മേളനമാണ്. അന്നു ചെറുപ്പത്തിന്റെ ഊക്കും 'നിങ്ങളെന്നെ കമ്മ്യൂണിസ്റ്റാക്കി' എന്നതിന്റെ ഊർജവും മുറ്റിനിൽക്കുന്ന ഒ.എൻ.വി. 'സിംഹാസനത്തിലേക്കു വീണ്ടും' - അതാണെന്നാണ് ഓർമ - എന്ന കവിത വായിച്ചു. നീണ്ട ആ കവിത ചൊല്ലിക്കഴിഞ്ഞപ്പോൾ, ഒരു പെരുമഴ പെയ്തുതീർന്ന അനുഭവം. അതിനുശേഷമാണ് ഇടശ്ശേരി. ആ ദാരുണ സംഭവം വിവരിക്കാൻ എനിക്കു വാക്കുകൾ കിട്ടുന്നില്ല.

പക്ഷേ, ചൊല്ലലല്ലല്ലോ കാര്യം. വള്ളത്തോളും ചങ്ങമ്പുഴയും കവിത ചൊല്ലി പേരെടുത്തവരല്ല. പൊന്നാനിക്കവിതകൾ എന്ന സാഹിത്യസമൂഹത്തിന്റെ കേന്ദ്രസ്ഥാനീയനായി ഇടശ്ശേരി നിൽക്കുന്നു. ആ 'പരുക്കൻ കവിതക്കാർ'ക്ക് 'പൊന്നാനിക്കവിതകൾ' എന്ന പ്രസ്ഥാനനാമം നൽകിയത് കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ് ജേതാവായ കവി ആർ. രാമചന്ദ്രനാണ്. അദ്ദേഹം മികച്ച ഒരു സാഹിത്യനിരൂപകനാണെന്ന കാര്യം അദ്ദേഹത്തിന്റെ അടുത്ത സുഹൃത്തുക്കൾപോലും ഓർക്കുന്നില്ല. അദ്ദേഹത്തെപ്പറ്റി കുറെയൊക്കെ എഴുതപ്പെട്ടിട്ടുണ്ടെങ്കിലും അദ്ദേഹത്തിലെ നിരൂപകനെപ്പറ്റി ഒന്നും പറഞ്ഞുകണ്ടിട്ടില്ല. 1950-കളിലാണ് രാമചന്ദ്രൻമാസ്റ്റർ 'സ്വർണം' എന്ന പേരിൽ 'മാതൃഭൂമി' ആഴ്ചപ്പതിപ്പിൽ നിരൂപണങ്ങൾ എഴുതിക്കൊണ്ടിരുന്നത്. പരേതനായ ഇ. നാരായണന്റെ 'ഇടയന്റെ നിക്ഷേപം' എന്ന കവിതാസമാഹാരം നിരൂപണം ചെയ്യുമ്പോൾ അദ്ദേഹം 'പൊന്നാനിക്കവിതകൾ' എന്നു വിളിച്ച് ആ പരുക്കൻ കവിതകളുടെ സൃഷ്ടികളുടെ തനതായ വൈഭവം വിടർത്തിക്കാണിച്ചു. ഇ. നാരായണനും ഇടശ്ശേരിയും മുതൽ ഒരു വലിയ തലമുറ ആ പൊന്നാനിത്തം വൈവിധ്യത്തോടുകൂടി നിലനിർത്തിപ്പോരുന്നുണ്ട്.

'ശക്തിയുടെ കവിത' എന്നും 'ഓജസ്സിന്റെ കവിത' എന്നും ഒക്കെ ഇടശ്ശേരിക്കവിത വാഴ്ത്തപ്പെട്ടിട്ടുണ്ട്. പക്ഷേ, അധികമാരും എടുത്തുകാണിക്കാത്ത ഒരു കാര്യമുണ്ട്. ആധുനിക കവികളുടെ കൂട്ടത്തിലെ കഥാകൃത്താണ് അദ്ദേഹം. അദ്ദേഹത്തിന്റെ മിക്കവാറും എല്ലാ കവിതയും ഒരു കഥയോ കഥാംശമോ ആണ്. ഈ കഥകളുടെ പ്രത്യേകതയോ? എല്ലാം വീരകഥകൾ. വീരഗാഥകളുടെ കവിയാണ് ഇടശ്ശേരി. ആ ഗാഥകളിലൂടെ ശക്തിയുടെ ചൂടും ഓജസ്സിന്റെ വെളിച്ചവും മനുഷ്യത്വത്തിന്റെ കുളിർമയും നാം അറിയുന്നു. ഇടശ്ശേരി എന്ന കവിയെക്കാൾ ഏറെ വലിപ്പമുണ്ട് ഇടശ്ശേരി എന്ന മനുഷ്യന്. ആ മനുഷ്യൻ ഒരു പ്രതിഭാസത്തിന്റെ പ്രതീകമാണ്. ആ പ്രതിഭാസത്തെ സാക്ഷാത്കരിക്കാൻ ആ കവി ശ്രമിക്കുന്നു. സ്വാഭാവികമായും അതു പൂർണതയിലേക്ക് എത്തിച്ചേരുന്നില്ല. കവി താരതമ്യേന വലിയവനും അയാളിലെ മനുഷ്യൻ ചെറിയവനുമായി നിൽക്കുന്ന സാധാരണ കാഴ്ചയിൽ നിന്നു വ്യത്യസ്തമായ ഒരനുഭവം. തന്നിലേക്കെത്തിച്ചേരാനുള്ള ഈ അടങ്ങാത്ത കുതിപ്പായിരിക്കുമോ ഇടശ്ശേരിക്കവിതയുടെ നിത്യവശ്യത?

ഞാൻ കോളേജിൽ പഠിക്കുന്ന കാലത്ത്, ഒരിക്കൽ ഇടശ്ശേരി പറഞ്ഞു: ആരും എന്നെ വിമർശിക്കുന്നില്ല. വല്ലപ്പോഴുമാണെങ്കിലും നല്ലതേ പറയുന്നുള്ളു. വിമർശനം വന്നെങ്കിലേ ഒരു ഉഷാറുള്ളൂ."

അങ്ങനെയിരിക്കുമ്പോഴാണ് എന്റെ നാട്ടിൽ ഈശ്വരമംഗലത്തുള്ള കസ്തൂർബാ സ്മാരക വായനശാലയിൽ നാടകസാഹിത്യത്തെക്കുറിച്ച് ഒരു ചർച്ച നടക്കുന്നത്. ഞാൻ വിഷയം അവതരിപ്പിക്കുന്നു. ഇടശ്ശേരി ആ ചെറിയ സദസ്സിൽ ഇരിക്കുന്നുണ്ട്. അദ്ദേഹത്തെ കണ്ടപ്പോൾ, എനിക്ക് ഒരു കുസൃതി തോന്നി. സൈദ്ധാന്തിക ചർച്ച പൂർത്തിയാക്കി പ്രായോഗികവിമർശനത്തിലേക്കു കടന്നു ഞാൻ പറഞ്ഞു: "കൂട്ടുകൃഷി'യിൽ നാലാമങ്കത്തിലെ ഒന്നാം രംഗം - 'പോക്കരും' 'നമ്പ്യാരും' തല്ലിപ്പിരിയുന്ന രംഗം അനാവശ്യമാണ്. അതു നാടകത്തിന്റെ ഏകാഗ്രതയ്ക്കും പിരിമുറുക്കത്തിനും ഭംഗം വരുത്തുന്നു.' എല്ലാവരും ഒന്നു പകച്ചു. അമ്മാമൻ എന്നെ ഒന്നു നോക്കി. തുടർന്നു ചിലർ സംസാരിച്ചു. ഇതിനെപ്പററി ആരും ഒന്നും മിണ്ടിയില്ല. അവസാനം ഇടശ്ശേരി എഴുന്നേററു. അദ്ദേഹം പറഞ്ഞു: അനാവശ്യമെന്നു പറഞ്ഞ ആ രംഗം അത്യാവശ്യമാണ്. നാടകത്തിലെ കഥാപാത്രങ്ങളെ അനാഥരായി വഴിയിൽ തള്ളിവിട്ടുകൂടാ. അവരെയൊക്കെ യഥാസ്ഥാനത്തെത്തിച്ചേ നാടകം അവസാനിക്കാവൂ. ഈ നാടകത്തിലെ സംഘട്ടനാത്മകതയ്ക്കു കാരണക്കാരായ ആ കഥാപാത്രങ്ങൾക്ക് അവസാനം എന്തുപറ്റി എന്നു വായനക്കാരും കാണികളും അറിയണം.

എന്റെ ഈ കഥയില്ലായ്മ മറ്റൊരു നിലയ്ക്കും ഇടശ്ശേരി എന്നെ താമസിയാതെ ബോധ്യപ്പെടുത്തി. കോഴിക്കോട് നാടകോത്സവത്തിൽ പൊന്നാനി കൃഷ്ണപ്പണിക്കർ വായനശാല എന്റെ ഒരു ഏകാങ്കം അവതരിപ്പിക്കുന്നു. അതിന്റെ അവസാനഭാഗം ഇടശ്ശേരി ആകെ മാററി എഴുതി. ഞാൻ എഴുതിയ രൂപത്തിലാണെങ്കിൽ കഥയുടെ പര്യവസാനം എന്ത് എന്ന് ഒട്ടും വ്യക്തമല്ല. എന്നല്ല, ഒരു പര്യവസാനം ഇല്ലെന്നുതന്നെ തോന്നിപ്പോവും. കഥാപാത്രങ്ങൾ എവിടെയും എത്തുന്നില്ല. ഇടശ്ശേരി ആ ഭാഗം സ്വന്തമായി എഴുതിച്ചേർത്തപ്പോൾ, നാടകത്തിനു വളരെ സ്വാഭാവികവും കാണികൾക്കു ബോധ്യപ്പെടുന്നതുമായ ഒരു പര്യവസാനം ഉണ്ടായി. ആ ഏകാങ്കത്തിലെ മുഖ്യകഥാപാത്രത്തെ അവതരിപ്പിച്ചാണ് ഗോപാലക്കുറുപ്പ് വിധികർത്താക്കളായ സിനിമാതാരം സത്യന്റെയും സി.ജെ. തോമസിന്റെയും 'കൗമുദി' ബാലകൃഷ്ണന്റെയും അഭിനന്ദനം നേടിയത്. പക്ഷേ, ഗോപാലക്കുറുപ്പിനു മികച്ച നടനുള്ള സമ്മാനം കൊടുത്തില്ല. ഏകാങ്കത്തിലെ അഭിനയമാണെന്നു പറഞ്ഞു നാടകോത്സവസംഘാടകരായ കേന്ദ്ര കലാസമിതി അതു നിഷേധിച്ചു. സമ്മാനം കൊടുത്ത് ഉറൂബ് എഴുതിയതും കോഴിക്കോട് ദേശപോഷിണി അവതരിപ്പിച്ചതുമായ 'തീ കൊണ്ടു കളിക്കരുത്' എന്ന നാടകത്തിൽ അഭിനയിച്ച കുഞ്ഞാണ്ടിക്കാണ്. കുഞ്ഞാണ്ടി അത് അർഹിക്കുന്നതുതന്നെയായിരുന്നു; എന്നല്ല, സാങ്കേതികത്വം പറഞ്ഞ് ഗോപാലക്കുറുപ്പിനു സമ്മാ

നം നിഷേധിച്ചതിൽ അദ്ദേഹത്തിനു വിഷമം തോന്നുകയും ചെയ്തു. എന്നാൽ, ഏറെ ദുഃഖിച്ചത് ഉറൂബ് തന്നെയാണ്. ഇടശ്ശേരിയുടെ സാന്ത്വനം: "അല്ലെങ്കിലും കുറുപ്പേട്ടാ, നിങ്ങൾക്ക് അർഹതപ്പെട്ടതൊന്നും, ഭാര്യയെ ഒഴിച്ച്, കിട്ടിയിട്ടില്ലല്ലോ." ഗോപാലക്കുറുപ്പിനു സിനിമയിൽ അഭിനയിക്കാനുള്ള തീർച്ചപ്പെട്ട രണ്ടുമൂന്ന് അവസരം അവസാനനിമിഷം നഷ്ടപ്പെട്ടത് ഇടശ്ശേരി ഓർത്തിരിക്കണം. അമ്മാമനെയാകട്ടെ, അതൊന്നും സ്പർശിച്ചതുമില്ല.

അങ്ങനെ കഴിയുമ്പോൾ, 1954 ജൂൺ 13-ാം തീയതിയിലെ 'മാതൃഭൂമി' ആഴ്ചപ്പതിപ്പിൽ ഇടശ്ശേരിയുടെ 'നെല്ലുകുത്തുകാരി പാറുവിന്റെ കഥ' എന്ന മനോഹരമായ കവിത വന്നു. 1954 ജൂലൈ 11-ാം തീയതിയിലെ ആഴ്ചപ്പതിപ്പിൽ 'വായനക്കാർ എഴുതുന്നു' എന്ന പംക്തിയിൽ ഒരു പ്രതികരണപദ്യം കാണായി - ഇടശ്ശേരിക്കവിതയിലെ ദർശനത്തോടു വിയോജിച്ച് യന്ത്രവൽകരണത്തെ ആശീർവദിക്കുന്ന പദ്യം.

"കിട്ടി വേഗത്തിൽ ജോലി പാറുവിനുമാ നാട്ടിൽ
കൊച്ചെജമാനൻ സ്ഥാപിച്ചുള്ള താമരിമില്ലിൽ
"കിട്ടി വേഗത്തിൽ ജോലി പാറുവിനുമാ നാട്ടിൽ
കൊച്ചെജമാനൻ സ്ഥാപിച്ചുള്ള താരമില്ലിൽ
കോവിലാമ്മതൻ സഹ-
ജാതമാമൗദാര്യത്തിൻ
പൂവുകൾ വിരിച്ചിട്ട വഴിത്താരയിലൂടെ
നിത്യമവളൊരു പുത്തനാമാവേശത്തിൽ
പൂത്തിരികത്തിച്ചുകൊണ്ടരിമില്ലിലേക്കെത്തും
രാവിലെപ്പോയീടണം ജോലികൾ കഴിഞ്ഞെന്നും
രാവണഞ്ഞീടും മുമ്പെ കുടിയിലെത്തിച്ചേരാം
എന്നു തുടങ്ങി
"അലറും മലവെള്ളം വാർന്നു
പോയതിൻ ശേഷ-
മലമപ്പച്ചപ്പുൽകൾ പൊടിക്കും മൺ തിട്ടപോൽ
അക്കുടിൽ മാറിപ്പോയി, യന്നില
കണ്ടീടുമ്പൊ-
ളോർക്കുമാറുണ്ടുത്തമ്പി നന്ദിപൂർവമെന്നെന്നും
ഇരുളിൽമുമ്പന്നുതൻ നിധിയാമരിക്കിഴി
തിരുടാൻ വന്നെത്തിയ കമ്പനിക്കുഴലൂതൽ"

എന്ന് അവസാനിക്കുന്ന ആ പദ്യം ഒരു കെ. ജയദേവൻ എഴുതയതായിരുന്നു. അരിമില്ലിൽ ജോലി കിട്ടി പാറു സസുഖം വാഴുന്ന കഥയാണ് അതിൽ പറയുന്നത്. 1954 ഓഗസ്റ്റ് ഒന്നാംതീയതിയിലെ ആഴ്ചപ്പതിപ്പ് ഇടശ്ശേരിയുടെ പ്രത്യാഖ്യാനം വന്നു:

കാറാലൊട്ടുകയർത്തിടും കടലിനേ-
ക്കാളേറെ ഗാംഭീര്യമു-
ണ്ടാറാട്ടിന്നു പുഴയ്ക്കണഞ്ഞ
കളഭക്കുട്ടന്റെ കൂത്താട്ടവും
ആരാണിജ്ജയദേവനെന്ന വിരുതൻ
നമ്മോടു ചോടുന്നു ചോ-
ടേറെക്കണ്ടു കയർത്തുനിന്നു
കരണക്കുറ്റിക്കു വീക്കുന്നവൻ?
തോറ്റു ജീവിതചിത്രണത്തിനുതകും
സാമൂഹ്യപശ്ചാത്തലം
സൃഷ്ടിക്കാതെ യഥാതഥസ്ഥിതി
യിലപ്പാറൂനെ നിർമിച്ച ഞാൻ,
തോരിട്ടില്ലഹ പാഴുലക്കപുണരും
കൈരണ്ടിനാൽ ജംബരി-
ട്ടിറ്റിറ്റശ്രുകണങ്ങൾ കോർത്തണി
യുമന്നൂറായിരം പാറുമാർ

ആ 'കെ. ജയദേവൻ' ഞാൻ തന്നെയായിരുന്നു! ഇതുവരെ വെളിപ്പെടുത്താത്ത ഒരു രഹസ്യം അമ്മാമനോട് പോലും പറഞ്ഞില്ല. ഒരു കുസൃതി തോന്നി വളരെ കരുതലോടെയാണ് പദ്യം ആഴ്ചപ്പതിപ്പിന് അയച്ചത്. ഞാൻ അവിടെത്തന്നെ ഉള്ള ആൾ. പത്രാധിപർ എൻ.വി. കൃഷ്ണവാരിയർക്ക് എന്റെ കൈയക്ഷരം അറിയാം. പ്രൂഫ് വിഭാഗത്തിലുള്ളവർക്കു മുഴുവൻ അതു സുപരിചിതം. അതുകൊണ്ട് വേറൊരാളുടെ കൈപ്പടയിൽ പകർത്തി ഒരു തിരൂർകാരനെന്ന കള്ളവിലാസവും എഴുതി തിരൂരിൽത്തന്നെ കവർ തപാൽപ്പെട്ടിയിലിട്ടു. ആ പദ്യം പ്രസിദ്ധീകരിക്കുമെന്നു പ്രതീക്ഷിച്ചില്ല. പക്ഷേ, കുസൃതിക്കാരനായ എൻ.വി. കിട്ടിയ ഉടനെതന്നെ അതു കൊടുത്തു. ഇടശ്ശേരി അത് അവഗണിക്കുകയേ ഉണ്ടാവൂ എന്നു കരുതി. പക്ഷേ, വായിച്ച ഉടനെതന്നെ അദ്ദേഹം പ്രത്യാഖ്യാനം എഴുതി അയയ്ക്കുകയും ചെയ്തു. അതിന് അടുത്തൊരു ദിവസം ഞാൻ പൊന്നാനിയിൽ ചെന്നപ്പോൾ അമ്മാമനും ഇടശ്ശേരിയുംകൂടി ഇക്കാര്യത്തെക്കുറിച്ചു സംസാരിക്കുന്നതു കേട്ടു. ഇടശ്ശേരി ഇപ്പറഞ്ഞതു മാത്രം ഓർമയുണ്ട്. " എന്റെ കവിത വിമർശന ബുദ്ധിയോടു കൂടി വായിക്കുന്നവർ ഉണ്ടെന്നു കാണുന്നതു നല്ല കാര്യമല്ലേ?" ഞാൻ പൊലീസിനു മുൻപിൽ എത്തിപ്പെട്ടു. പിടികിട്ടാത്ത, എന്നാൽ ആരെന്നു തിരിച്ചറിയാത്ത, ഒരു കുറ്റവാളിയെപ്പോലെ അവിടെ ഇരുന്നു - ഒരു ഭാവഭേദവും കാണിക്കാതെ.

നാൽപത്തേഴുകൊല്ലം ഇക്കാര്യം പരമരഹസ്യമായിത്തന്നെ കിടന്നു. പക്ഷേ, ഇപ്പോൾ ഇടശ്ശേരിയെക്കുറിച്ച് ഈ കുറിപ്പ് എഴുതുമ്പോൾ കാര്യം വെളിപ്പെടുത്തണമെന്നു തോന്നുകയാണ്. ഇടശ്ശേരിയുടെ പ്രത്യാഖ്യാനത്തിലെ രണ്ടാമത്തെ ശ്ലോകത്തിൽ കാണുന്ന ദർശനനിഷ്ഠ അദ്ദേഹത്തിന്റെ കവിത മനസ്സിലാക്കാൻ ഉപകരിച്ചേക്കും. ആരുമല്ലാത്ത പ്രതിയോഗിയോടും അദ്ദേഹം സ്വീകരിക്കുന്ന ഉദാര മനോഭാവം അദ്ദേഹത്തിന്റെ സ്വഭാവമഹിമ കാണിച്ചുതരുകയും ചെയ്യുന്നു. മറുപടി എഴുതാതെ അവഗണിക്കുന്നതാണ് ഏറ്റവും കടുത്ത മറുപടി എന്ന് അഹങ്കരിച്ച ഇടശ്ശേരിക്കു മിണ്ടാതിരിക്കാമായിരുന്നു. ഏതായാലും എന്റെ കുസൃതിയുടെയും വങ്കത്തത്തിന്റെയും ഫലമായി മലയാള സാഹിത്യത്തിന് ഒരു വലിയ കവിയിൽനിന്നു രണ്ടു മികച്ച ശ്ലോകം കിട്ടി. അദ്ദേഹത്തിനുതന്നെ ഒരു വ്യാഖ്യാനമെന്നു പറയാവുന്ന രണ്ടു ശ്ലോകം. അതിന് എന്റെ പൊട്ടപ്പദ്യം ഉത്തേജനമായല്ലോ. കാര്യം പറഞ്ഞു കളിയാക്കുന്ന ഇടശ്ശേരിയുടെ നർമബോധവും ഇവിടെ കാണുന്നു.